**പതിനാലാം കേരള നിയമസഭ**

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

## ആറാമത് റിപ്പോർട്ട്

(2018 ഡിസംബർ 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(ചെന്നൈ മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ട്)**

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2018

പതിനാലാം കേരള നിയമസഭ

# പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-2019)

## ആറാമത് റിപ്പോർട്ട്

(2018 ഡിസംബർ 7-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**(ചെന്നൈ മലയാളികൾ അഭിമുഖീകരിക്കുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച പഠന റിപ്പോർട്ട്)**

1755/2018.

## ഉള്ളടക്കം

| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| ആമുഖം | : | vii |
| റിപ്പോർട്ട് | : | 1 |

# സമിതിയുടെ ഘടന

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ.

<u>അംഗങ്ങൾ:</u>

ശ്രീ. പാറക്കൽ അബ്ദുല്ല

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. ആന്റണി ജോൺ

ശ്രീ. അൻവർ സാദത്ത്

ശ്രീ. പി. ജെ. ജോസഫ്

ശ്രീ. എം. രാജഗോപാലൻ

ശ്രീ. കാരാട്ട് റസാഖ്

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. വി. കെ. ബാബുപ്രകാശ്, സെക്രട്ടറി

ശ്രീ. കെ. സുരേഷ് കുമാർ, ജോയിന്റ് സെക്രട്ടറി

ശ്രീ. രാജു കെ. എ., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. പി. എസ്. സെൽവരാജൻ, അണ്ടർ സെക്രട്ടറി.

# ആമുഖം

പ്രവാസിമലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2016-2019)-യുടെ അദ്ധ്യക്ഷനായ ഞാൻ, സമിതി അധികാരപ്പെടുത്തിയതനുസരിച്ച് സമിതിയുടെ ആറാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരളത്തിൽനിന്നും ദീർഘകാലമായി വിവിധകാരണങ്ങളാൽ നിരവധി മലയാളികൾ കുടിയേറിപ്പാർത്ത നഗരമാണ് ചെന്നൈ. ജീവിക്കാനൊരു തൊഴിൽ എന്നതു മാത്രം ലക്ഷ്യമാക്കി ചെന്നൈയിലെത്തിയ വലിയൊരു വിഭാഗം കേരളീയരിൽ പലരും അവരഭിമുഖീകരിച്ച ജീവിതസാഹചര്യങ്ങൾമൂലം അവിടെ സ്ഥിരതാമസമാക്കി ചെന്നൈ നഗരത്തിലെ പൊതുജീവിതവുമായി അലിഞ്ഞുചേർന്നു. പിറന്ന നാടിന്റെ ദീപ്തസ്മരണ മനസ്സിൽ സൂക്ഷിക്കുകയും, ഒപ്പം തമിഴ്നാട്ടിലെ സാഹചര്യങ്ങളുമായി പൊരുത്തപ്പെട്ടും മുമ്പോട്ടുപോകുന്ന ഇവർ പൂർണ്ണമായും ചെന്നൈ നിവാസികളായല്ല പ്രവാസികളായാണ് അവിടെ ജീവിതം തുടരുന്നത്. ഇന്ന് ചെന്നൈയിലും സമീപ പ്രദേശങ്ങളിലുമായി പത്തു ലക്ഷത്തോളം മലയാളികൾ ജീവിക്കുന്നു. ജീവിതദുരിതം പേറി നാൾ കഴിക്കുന്ന ദരിദ്രജനവിഭാഗങ്ങളും ഇടത്തരക്കാരുമാണ് ചെന്നൈ മലയാളിസമൂഹത്തിന്റെ വലിയൊരു ഭാഗം. മികച്ച ജീവിതസാഹചര്യങ്ങളുള്ളവർ ഒരു ചെറിയ വിഭാഗം മാത്രമാണ്. ഇവിടത്തെ മലയാളിസമൂഹത്തിന്റെ ജീവിതസാഹചര്യങ്ങളും അവർ നേരിടുന്ന പ്രശ്നങ്ങളും പ്രതിസന്ധികളും മനസ്സിലാക്കുന്നതിനും, കൂടാതെ കേരള സർക്കാരിന്റെ പ്രവാസിക്ഷേമ പ്രവർത്തനങ്ങളുടെ ഗുണഫലം എത്രത്തോളം ഇവർക്കു ലഭ്യമാകുന്നുണ്ടെന്നു വിലയിരുത്തുന്നതിനുമായി സമിതി 2018 ജൂൺ മാസം 28-ാം തീയതി ചെന്നൈ സന്ദർശിക്കുകയും, ചെന്നൈ കേരളാ ഹൗസിൽ (റെയ്ൻ ഡ്രോപ്പ് ഗസ്റ്റ് ഹൗസ്) യോഗം ചേരുകയും, അവിടെയുള്ള മലയാളികളുമായും, അവരുടെ സംഘടനാ പ്രതിനിധികളുമായും ചർച്ച നടത്തുകയുമുണ്ടായി. പ്രസ്തുത സന്ദർശനത്തിന്റെയും ചർച്ചയുടെയും അടിസ്ഥാനത്തിൽ സമിതി എത്തിച്ചേർന്ന നിഗമനങ്ങളും നിരീക്ഷണങ്ങളും ശിപാർശകളുമടങ്ങുന്നതാണ് ഈ റിപ്പോർട്ട്.

2018 ഡിസംബർ മാസം 5-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*
*പ്രവാസിമലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

തിരുവനന്തപുരം,
2018 ഡിസംബർ 7.

# റിപ്പോർട്ട്

പ്രവാസികൾക്കായി കേരളസർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന ക്ഷേമപദ്ധതികൾ ആകർഷകമാണെന്നും, പെൻഷൻ തുകയുടെ വർദ്ധനവ്, ലോകകേരളസഭയുടെ രൂപീകരണം തുടങ്ങിയ കാര്യങ്ങൾ പ്രതീക്ഷയേകുന്നതാണെന്നും അഭിപ്രായപ്പെട്ട സംഘടനാ പ്രതിനിധികൾ ചെന്നൈ മലയാളികൾ അഭിമുഖീകരിക്കുന്ന നിരവധി പ്രശ്നങ്ങൾ സമിതി മുമ്പാകെ അവതരിപ്പിക്കുകയും, അവ പരിഹരിക്കുന്നതിനായി സമിതിയുടെ ഇടപെടൽ അഭ്യർത്ഥിക്കുകയും ചെയ്തു.

ചെന്നൈയിൽ നോർക്കയുടെ ഓഫീസ് പ്രവർത്തിക്കുന്നുണ്ടെങ്കിലും സ്വതന്ത്ര ചുമതലയുള്ള ഉദ്യോഗസ്ഥരില്ല. നോർക്കയുടെ അധികച്ചുമതല വഹിക്കുന്ന ഉദ്യോഗസ്ഥർക്കാകട്ടെ, കർത്തവ്യബാഹുല്യംമൂലം നോർക്കയുടെ പ്രവർത്തനങ്ങളിൽ വേണ്ടത്ര സജീവമായി ഏർപ്പെടുന്നതിനു സമയം ലഭിക്കാത്ത സാഹചര്യം നിലനിൽക്കുന്നു. നോർക്കയുടെ ചെന്നൈ ഓഫീസ് പ്രവർത്തനം കാര്യക്ഷമമാക്കുകയും, കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്യേണ്ടതുണ്ടെന്ന വസ്തുത സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി.

ലോകകേരളസഭയുടെ രൂപീകരണം മികവാർന്ന നേട്ടമാണെങ്കിലും പ്രധാന സംഘടനാനേതാക്കൾ ലോകകേരളസഭയിൽ ഉൾപ്പെടാത്തതിലുള്ള നിരാശ പ്രതിനിധികൾ പ്രകടിപ്പിച്ചു. ഭാരതത്തിലെ വിവിധസംസ്ഥാനങ്ങളിൽ പ്രവർത്തിക്കുന്ന മറുനാടൻ മലയാളി സംഘടനാ പ്രതിനിധികൾക്ക് ലോകകേരളസഭയിൽ അർഹമായ പ്രാതിനിധ്യം ഉണ്ടാകണമെന്നും, ഇതിനായി വ്യക്തമായ മാനദണ്ഡങ്ങൾക്കു രൂപം കൊടുക്കണമെന്നും വിവിധ സംഘടനാ പ്രതിനിധികൾ ആവശ്യപ്പെട്ടു.

നിർദ്ധനരോഗികളുടെ ചികിത്സയ്ക്കായി സഹായം നൽകുന്ന കേരള സർക്കാരിന്റെ ഏറ്റവും മികച്ച പദ്ധതിയായ 'കാരുണ്യ' പോലുള്ളവ പാവപ്പെട്ടവർക്ക് വളരെ ആശ്വാസകരമാണ്. എന്നാൽ, ഈ സഹായം മറുനാടുകളിൽ കഴിയുന്ന മലയാളികൾക്ക് ലഭ്യമാകുന്നില്ല. ഈ പദ്ധതിക്ക് സമാനമായ തമിഴ്നാട് സർക്കാരിന്റെ ചികിത്സാ പദ്ധതിയിൽ കേരളത്തിൽ വയനാട്ടിലെ വിംസ് പോലുള്ള ആശുപത്രികളെ ഉൾപ്പെടുത്തുകയും അവിടങ്ങളിൽ താമസിക്കുന്ന തമിഴ്നാട് സ്വദേശികൾക്ക് ഇതിന്റെ ഗുണഫലം ലഭിക്കുകയും ചെയ്യുന്നു. തമിഴ്നാട് സർക്കാരിന്റെ ഈ മാതൃക കേരളം പിന്തുടരണമെന്നും ചെന്നൈയിലെയും കോയമ്പത്തൂരിലെയും പ്രധാന ആശുപത്രികളെയെങ്കിലും 'കാരുണ്യ' പദ്ധതിയിൽ പങ്കാളികളാക്കി നിർദ്ധനരോഗികളുടെ ചികിത്സയ്ക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭ്യമാക്കണമെന്നും യോഗത്തിൽ ആവശ്യമുയർന്നു. ഇത് സംസ്ഥാനത്തിന്റെ സാമ്പത്തികസ്ഥിതി പരിഗണിച്ച് തീരുമാനമെടുക്കേണ്ട ഒരു വിഷയമാണെന്ന് സമിതി വിലയിരുത്തുന്നു.

യോഗത്തിൽ പങ്കെടുത്ത പലരും ചൂണ്ടിക്കാണിച്ച പ്രധാന പ്രശ്നങ്ങളിലൊന്നായിരുന്നു ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത. തീവണ്ടിയാത്രാസൗകര്യത്തിന്റെ പോരായ്മ വൻതിരക്കിന് കാരണമാകുന്നു. ചെന്നൈയിൽനിന്ന് കേരളത്തിലേയ്ക്ക് കെ.എസ്.ആർ.റ്റി.സി. ബസ് സർവ്വീസ് നിലവിലില്ല. മുമ്പുണ്ടായിരുന്ന സർവ്വീസ് ലാഭകരമല്ലാത്തതിനാൽ നിർത്തലാക്കി. യാത്രക്കാർ ഇല്ലാത്ത പ്രദേശങ്ങളിലൂടെയുള്ള സർവ്വീസായതിനാലാണ് അത് നഷ്ടത്തിലായതെന്ന് ചൂണ്ടിക്കാട്ടിയ പ്രതിനിധികൾ, യാത്രക്കാർ കൂടുതലുള്ള സ്ഥലങ്ങളിലൂടെ ചെന്നൈയിൽനിന്നും കേരളത്തിലേയ്ക്കു സർവ്വീസ് നടത്തിയാൽ ലാഭകരമാകുമെന്ന് അഭിപ്രായപ്പെടുകയുണ്ടായി.

പ്രവാസിമലയാളികൾക്കായി നടപ്പാക്കിവരുന്ന വിവിധ ക്ഷേമപദ്ധതികൾ സംബന്ധിച്ച് വേണ്ടത്ര വിവരങ്ങൾ ഇവർക്കു ലഭിച്ചിട്ടില്ലെന്നാണ് അവരുടെ അഭിപ്രായപ്രകടനങ്ങളിൽനിന്നും സമിതിക്കു മനസ്സിലായത്. നോർക്ക-റൂട്ട്സിന്റെയും, പ്രവാസിക്ഷേമ ബോർഡിന്റെയും പദ്ധതികളെയും പരിപാടികളെയും കുറിച്ച് മറുനാടൻ മലയാളികൾക്കിടയിൽ വേണ്ടത്ര അവബോധം സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ഇതിനായി വിവിധ പദ്ധതികൾ സംബന്ധിച്ചുള്ള ലഘുലേഖകളും കൈപ്പുസ്തകങ്ങളും മറുനാടൻ മലയാളികൾക്കിടയിൽ പ്രചരിപ്പിക്കുകയും, അതോടൊപ്പം ബോധവത്ക്കരണ ക്ലാസ്സുകളും മറ്റും ഇടയ്ക്കിടെ നടത്തുകയും ചെയ്യേണ്ടതിന്റെ ആവശ്യകത സമിതിക്ക് ബോദ്ധ്യപ്പെടുകയുണ്ടായി.

ചായക്കട നടത്തി ജീവിതം നയിക്കുന്ന വലിയൊരു വിഭാഗമാളുകൾ ചെന്നൈയിലും പരിസരപ്രദേശങ്ങളിലുമായുണ്ട്. പരിതാപകരമായ ജീവിതം നയിക്കുന്ന ഇവർ നിരവധി പ്രതിസന്ധികളും ബുദ്ധിമുട്ടുകളും നേരിടുന്നു. വാടകസ്ഥലത്താണ് ഏറെ ചായക്കടകളും നടത്തുന്നത്. കച്ചവടം നടത്തുന്നതിനിടെ ഒരു ദിവസം വന്ന് അടുത്ത ദിവസം തന്നെ കടയൊഴിയണമെന്ന് യാതൊരു മുന്നറിയിപ്പുമില്ലാതെ ആവശ്യപ്പെടുകയും, അല്പദിവസം സാവകാശം ആവശ്യപ്പെട്ടാൽ ഗുണ്ടകളുടെ സഹായത്തോടെ കട നശിപ്പിക്കുകയും ചെയ്യുന്ന അവസ്ഥയാണ് പലപ്പോഴുമുണ്ടാകുന്നതെന്ന് ഇവരുടെ സംഘടനാപ്രതിനിധികൾ ചൂണ്ടിക്കാട്ടി. സംഘടനാപ്രവർത്തനങ്ങൾകൊണ്ട് ഇക്കാര്യത്തിൽ ചെറിയൊരു മാറ്റം സൃഷ്ടിക്കാനായെങ്കിലും, ഇത്തരം സാഹചര്യങ്ങൾ തുടർന്നും നിലനിൽക്കുന്നുവെന്ന് അവർ അറിയിച്ചു.

വിദേശമലയാളികൾക്ക് സംസ്ഥാനസർക്കാർ നൽകുന്ന ആനുകൂല്യങ്ങളും സഹായങ്ങളും മറുനാടൻ മലയാളികൾക്കും ലഭ്യമാക്കണമെന്ന് യോഗത്തിൽ അഭിപ്രായമുയർന്നു. വിദേശരാജ്യങ്ങളിൽനിന്ന് തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ ആരംഭിക്കുന്നതിനായുള്ള വായ്പാപദ്ധതി എൻ.ഡി.പി.ആർ.ഇ.എം. മറുനാടൻ മലയാളികൾക്കുകൂടി ലഭ്യമാക്കാൻ നടപടി സ്വീകരിക്കണമെന്ന ആവശ്യം പരിഗണനാർഹമാണെന്ന് സമിതി കരുതുന്നു.

നോർക്കയുടെ തിരിച്ചറിയൽ കാർഡിനായി അയച്ച അപേക്ഷകളിൽ ഭൂരിഭാഗവും കാരണമൊന്നും പറയാതെ തിരിച്ചയയ്ക്കപ്പെട്ടതായി യോഗത്തിൽ ആക്ഷേപമുണ്ടായി. ഇതുമൂലം ചെന്നൈ മലയാളികൾ ഏറെ നിരാശയിലാണ്. നോർക്ക അംഗത്വവും, കാർഡുവിതരണവും കുറ്റമറ്റ രീതിയിൽ സമയബന്ധിതമായി നടപ്പാക്കണമെന്നും, നോർക്ക കാർഡ് ഒരു തിരിച്ചറിയൽ രേഖയായി കണക്കാക്കണമെന്നുള്ള യോഗത്തിന്റെ പൊതുവികാരവും സമിതി ഉൾക്കൊള്ളുന്നു. വ്യക്തമായ രേഖകളോടെ സമർപ്പിക്കുന്ന അപേക്ഷകൾ സ്വീകരിച്ച് അവയിൽ സമയബന്ധിതമായി മേൽനടപടികൾ സ്വീകരിക്കേണ്ടത് വകുപ്പിന്റെ ഉത്തരവാദിത്തമാണെന്ന് സമിതി വ്യക്തമാക്കി. കൂടാതെ, ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾക്ക് കൂടുതൽ പ്രചാരം നൽകുകയും, ബോർഡിൽ മറുനാടൻ മലയാളികളുടെ പ്രതിനിധികളെ ഉൾപ്പെടുത്തുകയും ചെയ്യണമെന്ന ആവശ്യം പരിഗണനാർഹമാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

ചെന്നൈ കെ.റ്റി.ഡി.സി. ഹോട്ടലിൽ പ്രവാസികൾക്ക് മുൻഗണനയുള്ള മുറികൾ ഏഴുദിവസം മുമ്പേ ബുക്കുചെയ്യണമെന്ന നിബന്ധന നിലനിൽക്കുന്നുവെന്നും, ആയത് ഒഴിവാക്കി മുറി ഒഴിവുണ്ടെങ്കിൽ അനുവദിക്കാനുള്ള നടപടിയുണ്ടാകണമെന്നും പ്രതിനിധികൾ അഭ്യർത്ഥിക്കുകയുണ്ടായി.

മലയാളഭാഷയ്ക്കും സംസ്കാരത്തിനും നവോന്മേഷം നൽകാനുള്ള ശ്രമങ്ങൾ സർക്കാർതലത്തിലും അല്ലാതെയും കേരളത്തിൽ നടന്നുവരുന്നത് അഭിനന്ദനീയമാണ്. മറുനാടുകളിലും മാതൃഭാഷയുടെ വികാസത്തിനും പരിപോഷണത്തിനും, അതിലൂടെ സാംസ്കാരികമായൊരു മുന്നേറ്റത്തിനും അനുയോജ്യമായൊരു അന്തരീക്ഷം സൃഷ്ടിക്കപ്പെടണം. ഇതിനായി മറുനാടുകളിൽ മലയാളം മിഷന്റെ പ്രവർത്തനം ഊർജ്ജസ്വലമാക്കേണ്ടതിന്റെ ആവശ്യകത സമിതി ചൂണ്ടിക്കാട്ടുന്നു. ചെന്നൈയിൽ മലയാളം മിഷന്റെ പ്രവർത്തനം നിലവിലുണ്ടെങ്കിലും വേണ്ടത്ര കാര്യക്ഷമമെന്ന് പറയാനാവില്ല. നിസ്വാർത്ഥരായ ചില അദ്ധ്യാപകരുടെ പ്രവർത്തനമാണ് ഇപ്പോൾ ഇതിനെ മുന്നോട്ടുനയിക്കുന്നത്. ഇവർക്കു പ്രത്യേകമായി ആനുകൂല്യങ്ങളൊന്നും ലഭിക്കുന്നില്ല. ഇവർക്കു യാത്രാച്ചെലവിനുള്ള തുകയെങ്കിലും ഓണറേറിയമായി നൽകേണ്ടതാണ്. അതോടൊപ്പം, അദ്ധ്യാപകർക്ക് പരിശീലനം നൽകിയും, വേണ്ടത്ര പുസ്തകങ്ങൾ ലഭ്യമാക്കിയും മലയാളം മിഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കാൻ സർക്കാർതലത്തിൽ നടപടി സ്വീകരിക്കേണ്ടതാണെന്ന് സമിതി അഭിപ്രായപ്പെട്ടു.

കേരളത്തിൽ പ്രവർത്തിക്കുന്ന സാഹിത്യ അക്കാദമി, സംഗീത-നാടക അക്കാദമി, ലളിതകലാ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും തമിഴ്നാട്ടിലെ മലയാളി കലാകാരന്മാർക്ക് പ്രോത്സാഹനം ലഭിക്കുന്നില്ല എന്ന പരാതി യോഗത്തിൽ ഉയർന്നുവന്നു. കലാപരമായി കഴിവുള്ള നിരവധി മലയാളികൾ തമിഴ്നാടിന്റെ വിവിധഭാഗങ്ങളിലായി

താമസിക്കുന്നുണ്ടെന്നതിനാൽ, അവരുടെ കഴിവുകൾ പ്രകടിപ്പിക്കാനുള്ള അവസരമൊരുക്കാനും, അർഹിക്കുന്ന പരിഗണന നൽകാനും അക്കാദമികൾ തയ്യാറാകണമെന്ന് ആവശ്യമുണ്ടായി. നാടകകലാകാരന്മാരാണ് ഇക്കൂട്ടത്തിൽ കൂടുതലുള്ളത് എന്നതിനാൽ, സംഗീത-നാടക അക്കാദമിയുടെ പ്രവർത്തനങ്ങളിൽ തമിഴ്നാട്ടിലെ മലയാളികൾക്ക് കലാപരമായ ഇടപെടലിന് വളരെയധികം സാദ്ധ്യതയുണ്ടെങ്കിലും അക്കാദമി തങ്ങളെ അവഗണിക്കുകയാണെന്നുള്ള വിശ്വാസമാണ് ഇവർ പുലർത്തിപ്പോരുന്നതെന്ന് സമിതി കരുതുന്നു.

കേരളത്തിൽ ഈഴവസമുദായം പിന്നോക്കവിഭാഗത്തിൽ ഉൾപ്പെടുന്നുണ്ടെങ്കിലും അവരെ തമിഴ്നാട്ടിൽ പിന്നോക്കവിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ, കന്യാകുമാരി ജില്ലയിലെ 'ഈഴ്വ' സമുദായം പിന്നോക്കവിഭാഗത്തിൽ ഉൾപ്പെടുകയും ചെയ്തിട്ടുണ്ട്. ഈഴ്വ, ഈഴവ എന്നീ സമുദായങ്ങൾ സമാനമാണെന്നും, ഇവർ കേരളത്തിൽ പിന്നോക്കവിഭാഗത്തിൽപ്പെട്ടതാണെന്നും തമിഴ്നാട് സർക്കാരിനെ കേരള സർക്കാർ അറിയിക്കുകയാണെങ്കിൽ വലിയൊരു വിഭാഗത്തിന് സംവരണാനുകൂല്യം ലഭിക്കുന്നതാണെന്ന് പ്രതിനിധികൾ സമിതിയെ ധരിപ്പിക്കുകയുണ്ടായി. വസ്തുതകളുടെ വെളിച്ചത്തിൽ ഇതിന്റെ നിയമപരമായ പ്രശ്നങ്ങൾ പരിശോധിച്ച് തീരുമാനമെടുക്കേണ്ടതാണെന്ന് സമിതി കരുതുന്നു.

സ്ത്രീശാക്തീകരണരംഗത്തും, സാമൂഹ്യസാമ്പത്തികമേഖലകളിൽ സ്ത്രീസ്വാതന്ത്ര്യം പരിപോഷിപ്പിക്കുന്നതിലും ഉദാത്തമായ മാതൃകയാണ് കേരളത്തിലെ കുടുംബശ്രീ പ്രസ്ഥാനം. മറുനാടുകളിൽ മലയാളി സ്ത്രീകളിൽ ഏതാണ്ട് മുക്കാൽ ഭാഗവും സ്വന്തമായി വരുമാനമില്ലാതെ പുരുഷനെ ആശ്രയിച്ച് കഴിയേണ്ട സ്ഥിതിയിലാണെന്നും ഇക്കാര്യത്തിൽ സമഗ്രമായ മാറ്റം ആവശ്യമാണെന്നും ചെന്നൈ മലയാളി സമൂഹത്തിന്റെ വനിതാവിഭാഗം ചൂണ്ടിക്കാട്ടി. മറുനാടുകളിലും കുടുംബശ്രീ മാതൃകയിൽ പ്രസ്ഥാനമൊരുക്കാൻ പരിശീലനവും സഹായവും നൽകി സ്വയംതൊഴിൽ പദ്ധതികളിലൂടെയും മറ്റും സ്ത്രീകളെ സ്വയം പര്യാപ്തരാക്കുന്ന തരത്തിൽ മറുനാടൻ മലയാളി സ്ത്രീകൾക്ക് അവസരമൊരുക്കുന്നതിന് സംസ്ഥാന സർക്കാർ പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിശോധിക്കണമെന്നും ആവശ്യമുണ്ടായി.

## സമിതിയുടെ നിരീക്ഷണങ്ങളും ശിപാർശകളും

1. ചെന്നൈയിൽ പ്രവർത്തിക്കുന്ന നോർക്ക ഓഫീസിൽ ആവശ്യത്തിന് ജീവനക്കാരെ നിയമിക്കുന്നതിനും അതുവഴി പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കുന്നതിനും അതിനെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനമാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2. കേരളത്തിലെ പ്രധാന നഗരങ്ങളിൽനിന്ന് ചെന്നൈയിലേയ്ക്കും തിരിച്ചും കൂടുതൽ യാത്രക്കാർ ലഭ്യമാകുന്ന സ്ഥലങ്ങൾ/റൂട്ടുകൾ സംബന്ധിച്ച പഠനം നടത്തി, ലാഭകരമാകുന്ന റൂട്ടുകളിലൂടെ കെ.എസ്.ആർ.റ്റി.സി. ബസ് സർവ്വീസ് ആരംഭിക്കണമെന്നും, ഉത്സവ/വിശേഷാവസരങ്ങളിലും വാരാന്ത്യങ്ങളിലും ചെന്നൈയിൽനിന്നും സംസ്ഥാനത്തേയ്ക്ക് പ്രത്യേക ബസ് സർവ്വീസ് നടത്തണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3. നോർക്ക-റൂട്ട്സ്, പ്രവാസിക്ഷേമ ബോർഡ് എന്നിവയിലൂടെ നടപ്പാക്കുന്ന വിവിധപദ്ധതികൾ സംബന്ധിച്ചും, പ്രവാസികൾക്ക് ലഭ്യമാക്കുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചുമുള്ള ലഘുലേഖകൾ ചെന്നൈയിലുൾപ്പെടെയുള്ള മറുനാടൻ മലയാളികൾക്കിടയിൽ വിതരണം ചെയ്യുകയും, ഇതു സംബന്ധിച്ച ബോധവത്ക്കരണ പരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4. നോർക്ക അംഗത്വം നൽകലും കാർഡുവിതരണവും സമയബന്ധിതമായി നടപ്പാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5. ചെന്നൈയിലെ മലയാളം മിഷന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കണമെന്നും, അദ്ധ്യാപകർക്ക് അർഹമായ ഓണറേറിയം, റ്റി.എ. എന്നിവ നൽകുന്നതിനും, വേണ്ടത്ര പുസ്തകങ്ങളും പരിശീലനവും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

6. കേരളത്തിലെ സംഗീത-നാടക അക്കാദമി പോലെയുള്ള കലാ-സാംസ്കാരിക സ്ഥാപനങ്ങൾ ചെന്നൈയിലെ ഉൾപ്പെടെ മലയാളി കലാകാരന്മാർക്കുകൂടി പ്രോത്സാഹനം നൽകുന്നതിനുതകുന്ന പരിപാടികൾ ആവിഷ്കരിക്കണമെന്നും അവരുടെ കലാപരമായ കഴിവുകൾ പ്രകടിപ്പിക്കാൻ സംവിധാനമൊരുക്കുന്ന കാര്യം പരിഗണിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.

7. കേരളത്തിലെ ഈഴവ സമുദായവും, കന്യാകുമാരി ജില്ലയിലെ ഈഴവ സമുദായവും ഒന്നാണോയെന്ന് പരിശോധിക്കുന്നതിനും, അപ്രകാരം ഒന്നാണ് എന്നു കാണുന്നപക്ഷം അതു തമിഴ്നാട് സർക്കാരിനെ ബോദ്ധ്യപ്പെടുത്തുന്നതിനും ഈഴവ വിഭാഗത്തിന് ലഭിക്കുന്ന സംവരണാനുകൂല്യം ഈഴവ വിഭാഗത്തിൽപ്പെട്ടവർക്കും ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തമിഴ്നാട് സർക്കാരിനോട് ആവശ്യപ്പെടുന്ന കാര്യം പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

8. തമിഴ്നാട്ടിലെ മലയാളി സ്ത്രീകളുടെ കൂട്ടായ്മകളുടെ പ്രവർത്തനങ്ങൾക്ക് ശക്തി പകരുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി അവയ്ക്ക് കുടുംബശ്രീ മിഷന്റെ രജിസ്ട്രേഷൻ നൽകി തൊഴിൽപരിശീലനം ലഭ്യമാക്കി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനുതകുന്ന സഹായങ്ങൾ നൽകുവാൻ കഴിയുമോ എന്ന കാര്യം പരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

9. ചെന്നൈ മലയാളികളുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനായി ആവഡി റെയിൽവേ സ്റ്റേഷനിൽ തീവണ്ടികൾക്ക് സ്റ്റോപ്പ് അനുവദിപ്പിക്കുന്നതിനും, ഇപ്പോൾ താംബരത്തുനിന്നും യാത്രതിരിക്കുന്ന ട്രെയിനുകൾ എഗ്മോറിൽ നിന്നും ആരംഭിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കുന്നതിന് തമിഴ്നാട് സർക്കാരിലും, റെയിൽവേയിലും സമ്മർദ്ദം ചെലുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

10. കെ.എസ്.എഫ്.ഇ. നടത്തുന്ന പ്രവാസി ചിട്ടികളിൽ മറുനാടൻ മലയാളികളെ ഉൾപ്പെടുത്തണമെന്നും, ചെന്നൈയിൽ കെ.എസ്.എഫ്.ഇ. ശാഖ തുടങ്ങണമെന്ന ചെന്നൈ മലയാളികളുടെ ആവശ്യം പരിഗണിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

11. ചെന്നൈയിലെ ആശുപത്രികളിൽ ചികിത്സയ്ക്ക് ചെല്ലുന്നവരുൾപ്പെടെയുള്ള മലയാളികൾക്ക് ചെന്നൈ കേരളാ ഹൗസിൽ സൗജന്യനിരക്കിൽ താമസസൗകര്യം ലഭ്യമാക്കണമെന്നും, ഒരാഴ്ച മുമ്പ് മുറി ബുക്ക് ചെയ്തിരിക്കണമെന്ന നിബന്ധന ഒഴിവാക്കി ലഭ്യതയനുസരിച്ച് മുറികൾ അനുവദിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

കെ. വി. അബ്ദുൾ ഖാദർ,
*അദ്ധ്യക്ഷൻ,*

തിരുവനന്തപുരം,
2018 ഡിസംബർ 5.

*പ്രവാസിമലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2019

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.